**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 763** **28-06-2022 - ൽ മറുപടിയ്ക്ക്**

**സബ്-രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ.എൻ.ഷംസീർ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ഏതൊക്കെ സബ്-രജിസ്ട്രാർ ഓഫീസുകളുടെ നിർമ്മാണത്തിനാണ് ഡിപ്പാർട്ട്മെന്റ് ഫണ്ടിൽ നിന്നും തുക അനുവദിച്ചിട്ടുള്ളതെന്നും ആയതിന് അനുവദിച്ച തുകയടക്കം മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി നൽകിയ സബ് രജിസ്ട്രാർ ഓഫീസുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>1) തൃശ്ശൂർ ജില്ലയിലെ മാള സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഒരു കോടി പത്ത് ലക്ഷത്തി എൺപതിനായിരം രൂപയുടെ പുതുക്കിയ ഭരണാനുമതി.<br><br>2) തൃശ്ശൂർ ജില്ലയിലെ വാടാനപ്പിള്ളി സബ് രജിസ്ട്രാർ ഓഫീസിന്റെ റിക്കാർഡ് റൂം നിർമ്മാണത്തിനായി മുപ്പത്തിനാല് ലക്ഷം രൂപയുടെ ഭരണാനുമതി.<br><br>3) കൊല്ലം ജില്ലയിലെ കൊട്ടാരക്കര (പ്രിൻസിപ്പൽ) സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ഒരു കോടി എൺപത് ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി. |
| (ബി) | തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ സബ്-രജിസ്ട്രാർ ഓഫീസിന്റെ കെട്ടിട നിർമ്മാണത്തിന് ഫണ്ട് അനുവദിക്കുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്നും ആയതിന് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ? | (ബി) | 2022-2023 സാമ്പത്തിക വർഷത്തിൽ 4059-01-051-95-മുദ്രപ്പത്രങ്ങളും രജിസ്ട്രേഷനും എന്ന ശീർഷകത്തിലോ, പ്ലാൻ ഫണ്ടിലോ കതിരൂർ സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിന് തുക വകയിരുത്തിയിട്ടില്ല. ആയതിനാൽ കതിരൂർ സബ് രജിസ്ട്രാർ ഓഫീസിന്റെ നിർമ്മാണം കിഫ്ബി പദ്ധതി പ്രകാരം നിർവ്വഹിക്കുന്നതിനുള്ള സാധ്യത പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ